നിരോധനത്തിനുമുമ്പ് നവംബർ, ഡിസംബർ മാസങ്ങളിലെ ശരാശരി ഉൽപാദനവുമായി താരതമ്യം ചെയ്താൽ നിലവിലുള്ള ഉൽപാദനം 65 ശതമാനത്തിന് മുകളിലാണ്.

(ഡി) താരതമ്യേന പൂവാലൻ ചെമ്മീനുകളുടെ ലഭ്യത ഈ മാസങ്ങളിൽ കൂടുതലാണ്. ആയതിനാൽ, യന്ത്രവൽകൃത ബോട്ടുകൾ അമിതമായ മത്സ്യബന്ധനം നടത്തുന്നതുവഴി പൂവാലനും, മറ്റു അധോതല മത്സ്യങ്ങളും അമിതമായി ചൂഷണം ചെയ്യപ്പെടുന്നു. ആയതിനാൽ ഈ കാലയളവിൽ ബന്ധനം നടത്തുന്ന മത്സ്യത്തിന്റെ തോതിൽ നേരിയ വർദ്ധന കാണപ്പെടുന്നു.

ട്രോളിംഗ് നിരോധനം

97 [279] *ശ്രീ. കെ. എ. ചന്ദ്രൻ :*

„ *ജി. പ്രതാപവർമ്മ തമ്പാൻ :*

„ *ഇ. എം. അഗസ്തി :*

„ *പ്രയാർ ഗോപാലകൃഷ്ണൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രോളിംഗ് നിരോധനകാലത്തിന് ശേഷം മത്സ്യബന്ധനം നടത്താൻ പോകുന്ന മത്സ്യബന്ധന ബോട്ടുകൾക്ക് ട്രോളിംഗ് നിരോധനത്തിന് മുമ്പുള്ളതിനേക്കാൾ കൂടുതൽ മത്സ്യങ്ങൾ കിട്ടാറുണ്ടോ ;

(ബി) എങ്കിൽ ഓരോ ഇനത്തിലുംപെട്ട മത്സ്യങ്ങൾ എത്ര കണ്ട് കൂടുതലായി കിട്ടുമെന്ന് പറയാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയുടെ (കുസാറ്റ്) നേതൃത്വത്തിൽ നടത്തിയ പഠനത്തിൽ നിന്നും മത്സ്യസമ്പത്തിലുള്ള വർദ്ധന താഴെപ്പറയും പ്രകാരമാണ്.

കണവ/കൂന്തൽ	..	200%
പെർച്ച് മത്സ്യങ്ങൾ	..	120%
കിളി മീൻ	..	100%
പല്ലി മീൻ	..	90%
കോര/കൂട്ടൻ	..	60%
ചെമ്മീൻ	..	48%

LIBRARY ARCHIVES Kerala Legislative Assembly